ഭരണഭാഷ മാതൃഭാഷ


# കുടുംബശ്രീ
## തിരുവനന്തപുരം ജില്ലാമിഷൻ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സർക്കാർ

കുടുംബശ്രീ
ഒന്നായ് മുന്നോട്ട്

ജില്ലാപഞ്ചായത്ത് ബിൽഡിംഗ്
പട്ടം പാലസ് പി.ഒ
തിരുവനന്തപുരം - 695004
ഫോൺ: 0471-2447552
ഇ-മെയിൽ: spemtvm@gmail.com


*നം. 17/E1/2011/KSTVM* *തീയതി: 20/06/2024*

## വിജ്ഞാപനം

### തിരുവനന്തപുരം കുടുംബശ്രീ സി.ഡി.എസ്സുകളിൽ അക്കൗണ്ടന്റ് താത്ക്കാലിക ഒഴിവ്

തിരുവനന്തപുരം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപന തലങ്ങളിലുള്ള കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റ് തസ്തികയിൽ തെരഞ്ഞെടുക്കുന്നതിന് അയൽക്കൂട്ട അംഗം / ഓക്സിലറി ഗ്രൂപ്പ് അംഗം താഴെപ്പറയുന്ന യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

**യോഗ്യതകൾ**

1) അപേക്ഷക കുടുംബശ്രീ അയൽക്കൂട്ടത്തിലെ അംഗമോ/ഓക്സിലറി ഗ്രൂപ്പ് അംഗമോ ആയിരിക്കണം. അഗതിരഹിത കേരളം പദ്ധതി കുടുംബാംഗം/ഭിന്നശേഷി വിഭാഗം എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.
2) അംഗീകൃത സർവ്വകലാശാലകളിൽ നിന്നുള്ള ബി.കോം ബിരുദവും ടാലി യോഗ്യതയും ഉണ്ടായിരിക്കണം. കമ്പ്യൂട്ടർ പരിജ്ഞാനം (എം.എസ്. ഓഫീസ്, ഇന്റർനെറ്റ് ആപ്ലിക്കേഷൻസ്) ഉണ്ടായിരിക്കണം.
3) 20 നും 35 നും മദ്ധ്യേ (വിജ്ഞാപന തീയതിയായ 20/06/2024) പ്രായമുള്ളവർ ആയിരിക്കണം.

| | |
|---|---|
| **നിയമന രീതി** | : ദിവസവേതനാടിസ്ഥാനത്തിൽ |
| **തെരഞ്ഞെടുപ്പ് രീതി** | : എഴുത്തു പരീക്ഷയുടെയും അഭിമുഖത്തിന്റേയും അടിസ്ഥാനത്തിൽ. |
| **ശമ്പളം** | : ദിവസവേതനാടിസ്ഥാനത്തിൽ പരമാവധി 12000/- രൂപ എന്ന വ്യവസ്ഥയിൽ |

**അപേക്ഷ സമർപ്പിക്കേണ്ട വിധം**

1) അപേക്ഷകൾ കുടുംബശ്രീ ജില്ലാമിഷൻ ഓഫീസിൽ നിന്ന് നേരിട്ടോ www.kudumbashree.org എന്ന വെബ് സൈറ്റിൽ നിന്നോ ലഭിക്കുന്നതാണ്.
2) അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **28/06/2024 ന് വൈകുന്നേരം 5.00** മണി വരെ.
3) ഭാഗികമായി പൂരിപ്പിച്ച/അവ്യക്തമായി പൂരിപ്പിച്ച അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.
4) പരീക്ഷാഫീസായി ജില്ലാമിഷൻ കോ-ഓർഡിനേറ്റർ, തിരുവനന്തപുരം ജില്ലയുടെ പേരിൽ മാറാവുന്ന 200/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
5) പൂരിപ്പിച്ച അപേക്ഷക്കൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ആശ്രയ കുടുംബാംഗം/ഭിന്നശേഷി/ ട്രാൻസ്ജെന്റർ/എസ്.സി./എസ്.റ്റി, എന്നിവ തെളിയിക്കുന്ന രേഖകൾ, ഫോട്ടോ അടങ്ങിയ അഡ്രസ്സ് പ്രൂഫ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഡിമാന്റ് ഡ്രാഫ്റ്റും ഉള്ളടക്കം ചെയ്യേണ്ടതാണ്.
6) യാതൊരു കാരണവശാലും അസൽ സർട്ടിഫിക്കറ്റുകൾ അപേക്ഷയോടപ്പം സമർപ്പിക്കേണ്ടതില്ല.
7) അക്കൗണ്ടന്റ് ഉദ്യോഗാർത്ഥി അപേക്ഷ ഫോറം പൂരിപ്പിച്ച് നിർദ്ദിഷ്ട സ്ഥലത്ത് ബന്ധപ്പെട്ട അയൽക്കൂട്ടത്തിന്റെ സെക്രട്ടറി/പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയ ശേഷം, എ.ഡി.എസ്. ചെയർപേഴ്സന്റെ/സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ വാങ്ങി, സി.ഡി.എസ്. ചെയർപേഴ്സന്റെ/സെക്രട്ടറിയുടെ മേലൊപ്പോടുകൂടി കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്ക് നേരിട്ടോ തപാൽ മുഖേനയോ **28/06/2024 ന് വൈകുന്നേരം 5.00 മണിക്ക്** മുമ്പായി സമർപ്പിക്കണം. അപേക്ഷ സമർപ്പിക്കുന്ന കവറിനു മുകളിൽ കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റ് (ദിവസവേതനം) ഒഴിവിലേയ്ക്കുള്ള അപേക്ഷ എന്ന് രേഖപ്പെടുത്തിയിരിക്കണം.

അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ
കുടുംബശ്രീ ജില്ലാ മിഷൻ
ജില്ലാ പഞ്ചായത്തിന്റെ രണ്ടാം നില
പട്ടം പാലസ് പി ഒ, തിരുവനന്തപുരം
ഫോൺ നമ്പർ : 0471 - 2447552

OFFICE OF THE DISTRICT MISSION CO-ORDINATOR
L.S.G Dept.
Govt. of Kerala
KUDUMBASHREE, THIRUVANANTHAPURAM

20/6

ജില്ലാമിഷൻ കോ-ഓർഡിനേറ്റർ

District Mission Co-ordinator
Kudumbashree District Mission
Pattom Palace P.O
Thiruvananthapuram

അനുബന്ധം-9

# കുടുംബശ്രീ

## സിഡിഎസ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്കുള്ള അപേക്ഷാ ഫോറം

| A. | വ്യക്തിപരമായവ | |
|---|---|---|
| 1. | അപേക്ഷകയുടെ പേര് (മലയാളത്തിലും ഇംഗ്ലീഷിലും) | |
| | | |
| 2. | ജനനത്തീയതി | |
| 3. | ആധാർ നമ്പർ/തിരിച്ചറിയൽ കാർഡ് നമ്പർ | |
| 4. | വിദ്യാഭ്യാസ യോഗ്യത | |
| 5. | മേൽവിലാസം നിലവിലുള്ളത്: | |
| | സ്ഥിരമേൽവിലാസം: | |
| 6. | പഞ്ചായത്ത് | |
| 7. | ബ്ലോക്ക് | |
| 8. | ജില്ല | |
| 9. | ഫോൺ നം. | മൊബൈൽ : |
| | | ലാന്റ് നമ്പർ : |
| 10. | ഇ-മെയിൽ വിലാസം | |
| B | കുടുംബശ്രീ അംഗത്വം സംബന്ധിച്ച് | |
| 11. | അപേക്ഷകയുടെ അംഗത്വം ഉൾക്കൊള്ളുന്ന സി.ഡി.എസ് | |
| 12. | അപേക്ഷകയുടെ അംഗത്വം ഉൾക്കൊള്ളുന്ന എ.ഡി.എസ് | |
| 13. | അയൽക്കൂട്ടത്തിന്റെ പേരും അഫിലിയേഷൻ നമ്പരും. | |
| 14. | ഓക്സിലറി ഗ്രൂപ്പിന്റെ പേരും രജിസ്ട്രേഷൻ നമ്പരും. | |
| 15. | അയൽക്കൂട്ടത്തിൽ അംഗമായ മാസവും വർഷവും | |

| | | |
|---|---|---|
| 16. | ഓക്സിലറി ഗ്രൂപ്പിൽ അംഗമായ മാസവും വർഷവും | |
| **D** | പ്രവൃത്തി പരിചയം സംബന്ധിച്ച് | |
| 17. | അക്കൗണ്ടന്റായി മുൻ പ്രവൃത്തി പരിചയം (കുടുംബശ്രീ ഉൾപ്പെടെ) (സ്ഥാപനത്തിന്റെ പേര്, ജോലിചെയ്ത കാലയളവ് എന്നിവ വ്യക്തമാക്കിയിരിക്കണം. പരിചയം തെളിയിക്കുന്ന രേഖകളുടെ കോപ്പികൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം) | |
| 18. | കമ്പ്യൂട്ടർ പ്രാവീണ്യം ഉണ്ടോ? | ഉണ്ട് / ഇല്ല |
| 19. | ഉണ്ട് എന്നാണുത്തരമെങ്കിൽ കോഴ്സുകൾ വ്യക്തമാക്കുക | |
| 20. | ഡിമാൻഡ് ഡ്രാഫിന്റെ വിശദാംശങ്ങൾ (ഡിമാൻഡ് ഡ്രാഫ്റ്റ് നമ്പർ, ബാങ്ക്, തീയതി) in favour of District Mission Co-ordinator, Kudumbashree, ..................District. | |
| **F** | ഉള്ളടക്കം | 1.<br>2.<br>3.<br>4.<br>..... |

## സത്യവാങ്മൂലം

മുകളിൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾ എന്റെ അറിവിലും ബോധ്യത്തിലും പൂർണ്ണമായി ശരിയാണെന്ന് ഇതിനാൽ ബോധ്യപ്പെടുത്തുന്നു. ഇക്കാര്യങ്ങൾ ശരിയല്ലെന്ന് ബോധ്യപ്പെട്ടാൽ അതുമായി ബന്ധപ്പെട്ട ഏതു നിയമനടപടിക്കും ഞാൻ വിധേയനായിക്കൊള്ളാമെന്ന് ഇതിനാൽ പ്രസ്താവിക്കുന്നു.

സ്ഥലം: 　　　　　　　　　　　　അപേക്ഷകയുടെ പേരും ഒപ്പും

തീയതി :

## അയൽക്കൂട്ട ഭാരവാഹികളുടെ സത്യവാങ്മൂലം

കുടുംബശ്രീ ........................ സിഡിഎസ്സിന്റെ കീഴിൽ അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിരിക്കുന്ന ശ്രീമതി/കുമാരി ...................................., ................................................. സി.ഡി.എസ് പരിധിയിലെ .................................. എ.ഡി.എസ്സിലെ ................................ അയൽക്കൂട്ടത്തിൽ കഴിഞ്ഞ .................... മാസമായി / വർഷമായി അംഗമാണെന്ന് ഇതിനാൽ ബോധ്യപ്പെടുത്തുന്നു.

തീയതി : അയൽക്കൂട്ട പ്രസിഡന്റ്/ സെക്രട്ടറിയുടെ പേരും ഒപ്പും

സ്ഥലം:

## എ.ഡി.എസ് ഭാരവാഹികളുടെ സത്യവാങ്മൂലം

കുടുംബശ്രീ ........................ സിഡിഎസ്സിന്റെ കീഴിൽ അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിരിക്കുന്ന ശ്രീമതി / കുമാരി ..................................... എ.ഡി.എസ് പരിധിയിലെ ................................... അയൽക്കൂട്ടം/ഓക്സിലറി ഗ്രൂപ്പിൽ കഴിഞ്ഞ .................... മാസമായി അംഗമാണെന്ന് ഇതിനാൽ ബോധ്യപ്പെടുത്തുന്നു.

സ്ഥലം :

തീയതി :

എ.ഡി.എസ് ചെയർപേഴ്സൺ /
സെക്രട്ടറിയുടെ പേരും ഒപ്പും

## സി.ഡി.എസ് ഭാരവാഹികളുടെ സത്യവാങ്മൂലം

മുകളിൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തീയതി :

സി.ഡി.എസ് ചെയർപേഴ്സൺ/
മെമ്പർ സെക്രട്ടറിയുടെ പേരും ഒപ്പും